# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5718 29.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ. കെ. ബാലൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ മനുഷ്യാവകാശ കമ്മീഷന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;<br><br>(ബി) ഈ പരാതികളിന്മേൽ എത്ര കേസ്സുകളിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട് ; വർഷം, ജില്ല എന്നിവ തിരിച്ചുള്ള എണ്ണം വിശദമാക്കുമോ ; | (എ) & (ബി)<br><br>മനുഷ്യാവകാശ ലംഘനങ്ങളെ സംബന്ധിച്ചുള്ള എല്ലാ പരാതികളും കമ്മീഷനിൽ സ്വീകരിച്ച് നടപടി എടുക്കുന്നുണ്ട്. പോലീസ് നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ എന്ന ശീർഷകത്തിൽ പ്രത്യേകം തരംതിരിക്കാറില്ല. 1995-ലെ മനുഷ്യാവകാശ സംരക്ഷണ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ റഗുലേഷൻ 36 പ്രകാരമുള്ള ഫോറം നമ്പർ 6-ലാണ് പരാതികൾ രജിസ്റ്റർ ചെയ്യുന്നത്. ഈ റഗുലേഷൻ പ്രകാരം എതിർ കക്ഷികളുടെ പേരുകൾ പ്രത്യേകം രേഖപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങളെ സംബന്ധിച്ച് വർഷം, ജില്ല തിരിച്ചുള്ള കണക്കുകൾ പ്രത്യേകം സൂക്ഷിച്ചിട്ടില്ല. |
| (സി) മനുഷ്യാവകാശ ലംഘനങ്ങൾ കണ്ടെത്തിയ കേസ്സുകളിൽ എല്ലാം കമ്മീഷൻ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ കമ്മീഷൻ നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (സി) മനുഷ്യാവകാശ കമ്മീഷൻ നടപടി ശുപാർശ ചെയ്തിട്ടുള്ള എല്ലാ കേസുകളിലും പോലീസ് വകുപ്പിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടയിൽ മനുഷ്യാവകാശ കമ്മീഷൻ നൽകിയ ശുപാർശകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ